**മലങ്കര മാർത്തോമ്മാ സുറിയാനി സഭയുടെ മാർത്തോമ്മാ സണ്ടേസ്കൂൾ സമാജം പ്രസിഡന്റ്**
**യുയാക്കീം മാർ കൂറിലോസ് എപ്പിസ്കോപ്പായിൽ നിന്നും**

സർക്കുലർ നമ്പർ : 35

കർത്താവിൽ നമുക്ക് വാത്സല്യമുള്ളവരെ,

മലങ്കര മാർത്തോമ്മ സുറിയാനി സഭയുടെ അടിസ്ഥാന വേദപഠന പ്രസ്ഥാനമായ സണ്ടേസ്കൂൾ സമാജം 110-ാം മത് വാർഷീക പൊതുയോഗം അനുഗ്രഹീതമായി നടത്തുവാൻ ലഭിച്ച ദൈവകൃപയെ ഓർത്ത് സ്തോത്രം ചെയ്യുന്നു. തദവസരത്തിൽ 2015 -2018 കാലഘട്ടത്തിലേക്കുള്ള ഭാരവാഹികളെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളെയും തെരഞ്ഞെടുത്തു. ശ്രീ.ഏബ്രഹാം വർഗീസ് വൈസ്പ്രസിഡന്റ്, റവ. നൈനു ചാണ്ടി ജനറൽ സെക്രട്ടറി, പ്രൊഫ.ജേക്കബ് കോശി ട്രഷറാർ എന്നിവരാണ് ഔദ്യോഗിക ഭാരവാഹികൾ. 2012 - 2015 കാലഘട്ടത്തിൽ പ്രവർത്തിച്ച ഏവരെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

സണ്ടേസ്കൂൾ പ്രസ്ഥാനം രൂപികൃതമാകുന്നതിന് മുൻകൈ എടുത്ത മഹാനായ റോബർട്ട് റെയ്ക്സിന്റെ ജീവിതത്തെ ഓർത്ത് ദൈവത്തിന് നന്ദി കരേറ്റാം. ഈ വർഷത്തെ അഖില ലോക സണ്ടേസ്കൂൾ ദിനം 2015 നവംബർ മാസം 1-ാം തീയതി ഞായറാഴ്ചയാണ്. അന്നേ ദിവസം ഞായറാഴ്ച ആരാധനയ്ക്ക് ഉപയോഗിക്കുവാൻ മെത്രപ്പോലീത്തായുടെ അനുവാദത്തോടെയുള്ള ആരാധനക്രമം ഉപയോഗിക്കണം. പ്രസ്തുത ശുശ്രൂഷയിൽ സണ്ടേസ്കൂൾ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം. ആരാധമദ്ധ്യ ലഭിക്കുന്ന സ്തോത്രകാഴ്ച (കവറിൽ ഇടുന്നതും അല്ലാതെയുമുള്ള) മുഴുവൻ തുകയും സമാജം ഓഫീസിൽ താമസംവിന അടച്ച് രസീത് വാങ്ങേണ്ടതാണ്.

സമാജത്തിന്റെ അഭിമാന പദ്ധതിയാണ് ശതാബ്ദി പ്രോജ്ക്ടായ സുഗന്ധഗിരി പദ്ധതി. വയനാട്ടിലെ വൈത്തിരി വില്ലേജിൽ ഈ ആവശ്യത്തിനായി 3 ഏക്കറിലധികം സ്ഥലം വാങ്ങിയിട്ടുണ്ട്. നാം ഏറ്റെടുത്തിരിക്കുന്ന സുഗന്ധഗിരി പദ്ധതി പ്രദേശത്ത് 434 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. 2 കേന്ദ്രങ്ങളിലായി 78 കുട്ടികൾക്ക് ട്യൂഷൻ നൽകി വരുന്നു. കൂടാതെ ഗർഭിണികളായ സ്ത്രീകൾ, 1 വയസ്സ് പ്രായമുള്ള കുട്ടികളുടെ അമ്മമാർ, ടീനേജ് കുട്ടികൾ എന്നിവർക്ക് ബോധവൽക്കരണ ക്ലാസുകൾ,അവധിക്കാലങ്ങളിൽ കുട്ടികൂട്ടങ്ങൾ എന്നിവ ക്രമീകരിച്ചു വരുന്നു. ഇവയുടെ മേൽനോട്ടത്തിനായി കോ-ഓർഡിനേറ്ററിനെ കൂടാതെ 4 ട്രൈബൽ വോളന്റിയർമാരും പ്രവർത്തിക്കുന്നു. പ്രസ്തുത പദ്ധതി പ്രദേശത്ത് വാങ്ങിയിരിക്കുന്ന സ്ഥലത്ത് ഹോസ്റ്റൽ കം-അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം പണിയുന്നതിന് ആവശ്യമായ വിഭവ സമാഹരണം 2016 ജനുവരി മാസം 10-ാം തീയതി ക്രമീകരിച്ചിരിക്കുന്നതിൽ ഏവരും ഉദാരമായി പങ്ക് ചേരണം.

കാലഘട്ടത്തിന്റെ വെല്ലുവിളികൾ തിരിച്ചറിഞ്ഞ് ക്രിയാത്മകമായി പ്രവർത്തനങ്ങളിൽ പങ്കുചേരുവാൻ ദൈവം നമ്മെ ഏവരെയും സഹായിക്കട്ടെ.

ക്രിസ്താബ്ദം 2015 സെപ്റ്റംബർ മാസം 26-ാം തീയതി കൊട്ടാരക്കര മർത്തോമ്മാ ബിഷപ്പ്സ് ഹൗസിൽ നിന്നും

**യുയാക്കീം മാർ കൂറിലോസ് എപ്പിസ്ക്കോപ്പാ**